# Visit of H. E. Dr. Hossein Amir Abdollahian, Foreign Minister of the Islamic Republic of Iran to India (June 08-10, 2022)

June 08, 2022

---

## ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന്റെ വിദേശകാര്യ മന്ത്രി ഡോ. ഹുസൈൻ അമീർ അബ്ദുള്ളാഹിയാന്റെ ഇന്ത്യ സന്ദർശനം (ജൂൺ 08-10, 2022)

ജൂൺ 08, 2022

വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിന്റെ ക്ഷണപ്രകാരം, ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന്റെ വിദേശകാര്യ മന്ത്രി ഡോ. ഹുസൈൻ അമീർ അബ്ദുള്ളാഹിയൻ 2022 ജൂൺ 08 മുതൽ 10 വരെയുള്ള തിയ്യതികളിൽ ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി. 2021 ഓഗസ്റ്റിൽ അധികാരമേറ്റതിന് ശേഷം ഡോ. ഹൊസൈൻ അമീർ അബ്ദുള്ളാഹിയാന്റെ ഇന്ത്യയിലേക്കുള്ള ആദ്യ സന്ദർശനമാണിത്.

2. ഇന്ത്യയും ഇറാനും ചരിത്രപരവും നാഗരികവുമായ അടുത്ത ബന്ധം പങ്കിടുന്നു. നമ്മുടെ ഉഭയകക്ഷി ബന്ധങ്ങൾ സ്ഥാപനങ്ങൾ, സംസ്‌കാരം, വ്യക്തിഗത ഇടപെടലുകൾ എന്നിവയിലുടനീളമുള്ള ശക്തമായ ബന്ധങ്ങളാൽ അടയാളപ്പെടുത്തിയിരിക്കുന്നു.

3. പ്രതിനിധി തല ചർച്ചയിൽ, രാഷ്ട്രീയ, സാംസ്‌കാരിക, വ്യക്തിഗത ഇടപെടലുകൾ ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധങ്ങളെ കുറിച്ച് രണ്ട് മന്ത്രിമാരും ചർച്ച ചെയ്തു. അഫ്ഗാൻ പൗരന്മാർക്ക് COVID-19 വാക്സിനുകൾ വിതരണം ചെയ്യുന്നത് ഉൾപ്പെടെ, അഫ്ഗാനിസ്ഥാനിലേക്കുള്ള ഇന്ത്യയുടെ മെഡിക്കൽ സഹായം സുഗമമാക്കുന്നതിൽ ഇറാന്റെ പങ്കിനെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.പ്രാദേശിക കണക്ടിവിറ്റി മേഖലയിലെ ഉഭയകക്ഷി സഹകരണത്തിന്റെ പ്രാധാന്യം ഇരുപക്ഷവും അംഗീകരിക്കുകയും ചബഹാർ തുറമുഖത്തെ ഷാഹിദ് ബെഹേഷ്തി ടെർമിനലിൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു. ചബഹാർ തുറമുഖം കരയിലൂടെ ചുറ്റപ്പെട്ട അഫ്ഗാനിസ്ഥാനിലേക്ക് ആവശ്യമായ കടൽമാർഗ ലഭ്യത നൽകിയിട്ടുണ്ടെന്നും മധ്യേഷ്യ ഉൾപ്പെടെയുള്ള മേഖലയുടെ വാണിജ്യ ഗതാഗത കേന്ദ്രമായി ഉയർന്നുവന്നിട്ടുണ്ടെന്നും ഇരുകക്ഷികളും സമ്മതിച്ചു.ചബഹാർ

തുറമുഖത്തിന്റെ വികസനത്തിൽ തുടർന്നും സഹകരിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത അവർ വീണ്ടും ഉറപ്പിച്ചു. പ്രവർത്തന വശങ്ങൾ അഭിസംബോധന ചെയ്യാൻ ഇരു രാജ്യങ്ങളിലെയും ടീമുകൾ ഉടൻ യോഗം ചേരും.

5. അഫ്ഗാനിസ്ഥാൻ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര, പ്രാദേശിക വിഷയങ്ങളും മന്ത്രിമാർ ചർച്ച ചെയ്തു, അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്ക് ഉടനടി മാനുഷിക സഹായം നൽകേണ്ടതിന്റെ പ്രാധാന്യം മന്ത്രിമാർ വീണ്ടും ഉറപ്പു വരുത്തി, സമാധാനപരവും സുരക്ഷിതവും സുസ്ഥിരവും പ്രാതിനിധ്യപരവും എകൊപിതവുമായ ഒരു രാഷ്ട്രീയ സംവിധാനത്തിന്റെ ആവശ്യകതയും അവർ ആവർത്തിച്ചു.

6. JCPOA യുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യത്തെക്കുറിച്ച് ഇറാൻ വിദേശകാര്യ മന്ത്രി ഇന്ത്യൻ വിദേശകാര്യമന്ത്രിയോട് വിശദീകരിച്ചു. ഉക്രൈൻ സംഘർഷത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും ഇരു മന്ത്രിമാരും അഭിപ്രായങ്ങൾ കൈമാറി.

7. സന്ദർശന വേളയിൽ, ഇറാൻ വിദേശകാര്യ മന്ത്രി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ സന്ദർശിക്കുകയും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത് കുമാർ ഡോവലുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

**ന്യൂ ഡെൽഹി**
**ജൂൺ 08, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release